**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **01-02-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ പത്തിയൂർ പാലത്തിന്റ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഭഗവതിപ്പടി - കരീലകുളങ്ങര - മല്ലിക്കാട്ട് കടവ് റോഡിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടും ഇതിനോടനുബന്ധമായി നിർമ്മിക്കേണ്ടിയിരുന്ന പത്തിയൂർ പാലത്തിന്റ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയാണ് ഭഗവതിപ്പടി - കരീലകുളങ്ങര - മല്ലിക്കാട്ടു കടവ് റോഡ്. പ്രസ്തുത പ്രവൃത്തിക്ക് 20.24 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് M/s K.V. Jacob and Sons എന്ന കരാറുകാരൻ 19.10 കോടി രൂപയ്ക്ക് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തു. നിലവിൽ പ്രവൃത്തിയിൽ ഉൾപ്പെട്ട പത്തിയൂർ ബ്രിഡ്ജിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണം ഒഴികെ മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരൻ ശേഷിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അധികനിരക്ക് ആവശ്യപ്പെടുകയും, 29.10.2022 തീയതിയിൽ കിഫ്ബി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ കരാർ ഫോർ ക്ലോസ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് കരാർ ഫോർ ക്ലോസ് ചെയ്യുകയും ശേഷിച്ച പ്രവൃത്തിയായി പത്തിയൂർ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് 22.02.2023 തീയതിയിൽ 132-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റി നിർദ്ദേശിച്ച തിരുത്തുകൾ ഉൾപ്പെടുത്തി 2,78,00,000 രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയിട്ടുമുണ്ട്. ഫോർ ക്ലോസ് ചെയ്ത പ്രവൃത്തി ആയതിനാൽ ബാലൻസ് പ്രവൃത്തികൾക്കുള്ള തുക വകയിരുത്താൻ ആവശ്യമായ നടപടികൾ കിഫ്ബിയിൽ പുരോഗതിയിലാണ്. ആയത് പൂർത്തീകരിച്ചാൽ ഉടൻ പത്തിയൂർ പാലം പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ